പ്രതികരണം

ഹനീഫ് വളാഞ്ചേരി

# പന്നിപ്പനി: ഒരു വിയോജനക്കുറിപ്പ്

*പ്രബോധനം* ലക്കം 12-ൽ ഫത്‌വ പംക്തിയിൽ ഡോ. റജബ് അബു മുലൈഹിന്റെ 'പന്നിപ്പനിക്ക് പരിഹാരമെന്ത്?', *മാറ്റൊലി*യിൽ ഇഹ്സാൻ എഴുതിയ 'പന്നിപ്പനിയും മരുന്നും അമേരിക്കൻ കുടിലതയും' എന്നിവ വായിച്ചു. പന്നിപ്പനിയുടെ പരിഹാരമാർഗങ്ങളിലൊന്ന് പന്നിയെ കൊല്ലലാണെന്നാണ് ഫത്‌വയിലുള്ളത്. ഇപ്പോഴത്തെ പന്നിപ്പനിയുടെ കാരണമായ എച്ച്1 എൻ 1 ഇൻഫ്ളൂവൻസ വൈറസ് നാല് ഇൻഫ്ളൂവൻസ വൈറസുകളുടെ മ്യൂട്ടേഷനിലൂടെ ഉണ്ടായതാണ്; മനുഷ്യരിലും പക്ഷികളിലും കാണപ്പെടുന്ന ഓരോന്നു വീതം ഇൻഫ്ളൂവൻസ വൈറസുകളുടെയും പന്നികളിൽ കാണപ്പെടുന്ന രണ്ട് ഇൻഫ്ളൂവൻസ് വൈറസുകളുടെയും മ്യൂട്ടേഷനിലൂടെ. ഇതു മാത്രമാണ് പന്നിയും പന്നിപ്പനിയും തമ്മിലുള്ള ബന്ധം. പന്നിയെ കൊല്ലൽ പന്നിപ്പനിയുടെ പരിഹാരമാർഗമായി ആരും നിർദേശിക്കുന്നില്ല.

ഇൻഫ്ളൂവൻസ (ഫ്ളൂ) പാൻഡമിക്കുകൾ ലോകത്ത് പുതുമയല്ല. ഒരു രോഗം വളരെ കുറഞ്ഞ സമയത്തിനുള്ളിൽ എല്ലാ ഭൂമിശാസ്ത്ര അതിരുകളെയും ഭേദിച്ച് വ്യാപിക്കുകയും കോടിക്കണക്കിനാളുകളെ കൊന്നൊടുക്കുകയും മാസങ്ങൾക്കുള്ളിലോ ഒന്നോ രണ്ടോ വർഷത്തിനുള്ളിലോ കെട്ടടങ്ങുകയും ചെയ്യുന്ന പ്രതിഭാസമാണ് പാൻഡമിക്ക് എന്നറിയപ്പെടുന്നത്. പ്രകൃതിയിൽ സാധാരണമായ ഇൻഫ്ളൂവൻസ വൈറസ്, അതിന്റെ ജനിതക ഘടനയിൽ മാറ്റങ്ങളുണ്ടാവുമ്പോഴാണ് പാൻഡമിക്കിന് കാരണമാവുന്നത്. സാധാരണ കാണപ്പെടുന്ന ഇൻഫ്ളൂവൻസ വൈറസ് ശക്തി കുറഞ്ഞ ഫ്ളൂ മാത്രമേ ഉണ്ടാക്കൂ; മനുഷ്യരിൽ ഭൂരിപക്ഷത്തിനും ഇവക്കെതിരെ പ്രതിരോധ ശേഷിയുമുണ്ട്. എന്നാൽ ജനതിക ഘടനയിൽ മാറ്റം വരുമ്പോൾ ഇവ മാരകമാവുന്നു. പുതിയ ജനിതകഘടനയോടു കൂടിയ വൈറസിനെതിരിൽ ആർക്കും പ്രതിരോധശേഷി ഇല്ലതാനും. ഫ്ളൂ പെട്ടെന്ന് വ്യാപിക്കുന്ന രോഗമായതിനാൽ, ലോകമൊന്നടങ്കം അൽപകാലങ്ങൾക്കുള്ളിൽ രോഗം എത്തിപ്പെടുന്നു. അധികം നീണ്ടുനിൽക്കാതെ തന്നെ രോഗവ്യാപനം കുറയുകയും കെട്ടടങ്ങുകയും ചെയ്യുന്നു. വൈറസിന്റെ ശക്തി കാലക്രമേണ കുറയുന്നതും, ഭൂരിപക്ഷം ജനങ്ങളും രോഗപ്രതിരോധ ശേഷി ആർജിക്കുന്നതുമാണ് രോഗ വ്യാപനം പെട്ടെന്നുതന്നെ ശമിക്കുന്നതിനു കാരണം. പക്ഷേ ഇതിനകം കോടിക്കണക്കിനാളുകൾ മരിക്കുകയും കടുത്ത സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു. 1918-ൽ ഓസ്ട്രിയയിൽ പൊട്ടിപ്പുറപ്പെടുകയും, ലോകമെങ്ങും വ്യാപിക്കുകയും ചെയ്ത 'സ്പാനിഷ് ഫ്ളൂ' 25 ആഴ്ചക്കുള്ളിൽ 25 ദശലക്ഷം ആളുകളെയാണ് കൊന്നൊടുക്കിയത്. രണ്ട് വർഷത്തിനുള്ളിൽ 50 ദശലക്ഷം ആളുകൾ മരണമടഞ്ഞു. 1989-ലെ റഷ്യൻ ഫ്ളൂ, 1957-ലെ ഏഷ്യൻ ഫ്ളൂ, 1968-ലെ ഹോങ്കോംഗ് ഫ്ളൂ എന്നിവയെല്ലാം ലക്ഷക്കണക്കിന് ജനങ്ങളെ കൊന്നൊടുക്കിയിട്ടുണ്ട്. എന്നാൽ ഇപ്പോഴത്തെ പന്നിപ്പനി, മുൻകാല ഫ്ളൂ പാൻഡമിക്കുകളുടെയത്ര മാരകമല്ലെന്നാണ് വിദഗ്ധർ അഭിപ്രായപ്പെടുന്നത്; വിചാരിച്ചത്ര വേഗത്തിൽ രോഗം വ്യാപിക്കുകയോ മരണ സംഖ്യ കൂടുകയോ ചെയ്യുന്നില്ല.

പുതിയ എച്ച്1 എൻ1 വൈറസിനെതിരെ വാക്സിനുകൾ ഉണ്ടാക്കുക എളുപ്പമല്ല. ആന്റി വൈറൽ മരുന്നുകൾ മാത്രമാണ് ആശ്രയം. ടാമിഫ്ളൂ എന്ന മരുന്ന് രോഗിയുമായി അടുത്തിടപഴകിയവർക്ക് കൊടുത്താൽ, അണുക്കളെ നശിപ്പിച്ച് ഫ്ളൂ വരുന്നത് തടയാൻ കഴിയുന്നു. രോഗം ബാധിച്ചവർക്ക് ഈ മരുന്ന് ആദ്യ 48 മണിക്കൂറുകൾക്കുള്ളിൽ കൊടുത്താൽ രോഗം മാരകമാവുന്നതും ന്യൂമോണിയ ബാധിക്കുന്നതും തടയാൻ കഴിയുന്നു. ടാമിഫ്ളൂവിനെച്ചൊല്ലി ചില വിവാദങ്ങളുണ്ടായിട്ടുണ്ട്. ഒരു ചൈനീസ് ചെടിയുടെ വിത്തിൽനിന്ന് ഉണ്ടാക്കുന്ന ഈ മരുന്നിന്റെ വൻതോതിലുള്ള ഉൽപാദനത്തിന് കടുത്ത പരിമിതികളുണ്ട്. ബയോടെക്നോളജി ഉപയോഗിച്ചുള്ള ഉൽപാദനം ഇതുവരെ പ്രായോഗികമായിട്ടില്ല. ഉൽപാദിപ്പിക്കപ്പെട്ട മരുന്ന് മൊത്തമായി സമ്പന്ന രാഷ്ട്രങ്ങൾ വാങ്ങിക്കൂട്ടിയതിനാൽ, പാൻഡമിക്ക് പൊട്ടിപ്പുറപ്പെടുമ്പോൾ ദരിദ്ര രാഷ്ട്രങ്ങൾക്ക് മരുന്ന് ലഭിച്ചുകൊള്ളണമെന്നില്ല. ഇത് പല ധാർമിക സമസ്യകൾക്കും കാരണമാകുന്നു. ഇന്ത്യ

യിലെ 'സിപ്ല' ഉൾപ്പെടെയുള്ള നിരവധി കമ്പനികളും തായ്‌ലന്റ് ഉൾപ്പെടെയുള്ള ചില രാഷ്ട്രങ്ങളും ചെലവ് കുറഞ്ഞ രീതിയിൽ ടാമിഫ്ളൂവിന്റെ രാസരൂപമായ ഒസെൽട്ടാമിവിർ ഉണ്ടാക്കിത്തുടങ്ങുകയും, അമേരിക്കൻ കമ്പനിയായ റോക്കെയുടെ കുത്തകക്ക് വിള്ളലേൽപിക്കുകയും ചെയ്തിട്ടുണ്ട്. ടാമിഫ്ളൂവിനോട് സാദൃശ്യമുള്ള വേറെ ആന്റിവൈറൽ മരുന്നുകളും ഉൽപാദിപ്പിക്കാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്.

മറ്റൊരു വിവാദം മരുന്നിന്റെ പാർശ്വഫലത്തെച്ചൊല്ലിയാണ്. മരുന്ന് കഴിച്ചുകൊണ്ടിരിക്കുന്ന ടീനേജുകാരിൽ വിഷാദം, ആത്മഹത്യാ പ്രവണത എന്നിവ റിപ്പോർട്ട് ചെയ്യപ്പെട്ടതിനാൽ ഈ പ്രായക്കാർ മരുന്ന് കഴിച്ചുകൊണ്ടിരിക്കുന്ന സമയത്ത് സൂക്ഷ്മ ശ്രദ്ധ ആവശ്യമാണ്. വിഷാദം മരുന്നിന്റെ പാർശ്വഫലമാണെന്നും അതല്ല രോഗത്തിന്റെ തന്നെ ഭാഗമാണെന്നും വ്യത്യസ്താഭിപ്രായങ്ങളുണ്ട്.

എന്തൊക്കെ വിവാദങ്ങളുണ്ടെങ്കിലും ടാമിഫ്ളൂ പൂർണമായും വ്യാജനാണെന്ന് ഇതുവരെ കേട്ടിട്ടില്ല. പക്ഷേ, 'മാറ്റൊലി' എന്ന പംക്തിയിൽ ഇഹ്സാൻ എഴുതുന്നു: 'പക്ഷിപ്പനിയാവട്ടെ, പന്നിപ്പനിയാവട്ടെ, ടാമിഫ്ളൂ ഇവക്കൊന്നിനുമുള്ള മരുന്നേയല്ല എന്നതാണ് വസ്തുത.' ആയുധ വ്യവസായത്തിനു ശേഷം ഏറ്റവും വലിയ വ്യവസായമായ ഫാർമസ്യൂട്ടിക്കൽ ബിസിനസ്സിൽ പൂർണ വ്യാജന്മാരുണ്ടാവാനും സാധ്യതകളുണ്ട്. പക്ഷേ അത്തരം വ്യാജ മരുന്നുകൾ കണ്ടെത്തുന്നവർ തങ്ങളുടെ തെളിവുകൾ നിരത്തണം. ലേഖകൻ ഈ വിഷയത്തിൽ വിഗദ്ധനാണെങ്കിൽ അദ്ദേഹം തന്റെ കണ്ടെത്തലിനാധാരമായ പഠനറിപ്പോർട്ടുകൾ സൂചിപ്പിക്കേണ്ടതുണ്ട്. മറ്റു വിദഗ്ധരുടെ ഗവേഷണ പഠനങ്ങൾ വായിച്ചാണ് നിഗമനത്തിലെത്തിയതെങ്കിൽ, തന്റെ നിഗമനത്തിനാധാരമായ പഠനങ്ങളെക്കുറിച്ച് സൂചിപ്പിക്കേണ്ടതുണ്ട്. ഇതൊന്നും ലേഖനത്തിൽ കണ്ടില്ല. സാമ്രാജ്യത്വ-മുതലാളിത്ത വിരോധം കെട്ടിപ്പടുക്കേണ്ടത് വസ്തുനിഷ്ഠമായ തെളിവുകളുടെ മേലാണ്; ഊഹങ്ങൾ അടിസ്ഥാനമാക്കിയല്ല.

ഏതായാലും പന്നിപ്പനി പേടിച്ച രീതിയിൽ വ്യാപിക്കുന്നില്ല. പക്ഷേ, മുൻ നൂറ്റാണ്ടുകളിലുണ്ടായ പോലെ ഈ നൂറ്റാണ്ടിലും മാരകമായ ഫ്ളൂ പാൻഡമിക്ക് ശാസ്ത്രജ്ഞർ ഭയപ്പെടുന്നുണ്ട്. ■